## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4928 — 14-11-2019 -ൽ മറുപടിക്ക്

### പ്രളയ ദുരിതാശ്വാസമായ നഷ്ടപരിഹാരത്തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.അബ്ദു റബ്ബ് | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | 2019 ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ എത്രപേർക്ക് ജീവഹാനി സംഭവിച്ചു; | എ) | ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം അംഗീകരിച്ചിട്ടുള്ള ദുരന്തങ്ങളിൽ 2019 ജൂൺ മുതൽ ഓഗസ്റ്റ് വരെ 132 വ്യക്തികൾ മരണപ്പെട്ടിട്ടുണ്ട്. |
| ബി) | വസ്തുവകകളും മറ്റും നഷ്ടപ്പെട്ട വകയിൽ നാളിതുവരെ എത്രപേർക്ക് എത്ര രൂപ വീതം ആർക്കൊക്കെ നഷ്ടപരിഹാരത്തുക നൽകിയെന്ന് വിശദമാക്കാമോ; | ബി) | 2019-ൽ സംസ്ഥാനത്ത് പ്രളയത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കി വരുന്നതേയുള്ളൂ. 2019-ലെ പ്രകൃതി ക്ഷോഭത്തിൽപ്പെട്ടവർക്ക് അടിയന്തിര ധനസഹായമായ 10,000/- രൂപ വീതം 1,31,838/- കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| സി) | ഓരോരുത്തർക്കും വിവിധ ഇനങ്ങളിൽ നൽകിയ തുകയുടെ കണക്കും പേര് വിവരവും മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ? | സി) | മണ്ഡലം തിരിച്ച് വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ